"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - തൃശ്ശൂർ തളിക്കുളം സി.എം.എസ് യു.പി. സ്കൂളിലെ ജൂനിയർ ലാഗ്വേജ് ടീച്ചറയായ ശ്രീമതി. ശരണ്യ എ.എസ്, തൃശ്ശൂർ ചേർപ്പ് സി.എൻ.എൻ ബോയിസ് ഹൈസ്കൂളിലെ യു.പി.എസ്.ടി യായ ശീതൾ സൂര്യൻ എന്നിവർ ഫയൽ ചെയ്ത റിട്ട് ഹർജി നം. 16955/2025 മേലുള്ള ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.6684/2025/GEDN തീയതി,തിരുവനന്തപുരം, 15-09-2025

പരാമർശം :-

1. ബഹു. സുപ്രീം കോടതിയിൽ, നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത SLP (C) No.11373/2024 മേലുള്ള 04/03/2025 തീയതിയിലെ ഉത്തരവ്.
2. 17/03/2025 തീയതിയിലെ G.O (Ms) No. 43/2025/GEDN ഉത്തരവ്
3. റിട്ട് ഹർജി നം. 16955/2025 മേലുള്ള 10/07/2025 തീയതിയിലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ്.

**ഉത്തരവ്**

തൃശ്ശൂർ തളിക്കുളം സി.എം.എസ് യു.പി. സ്കൂളിലെ ജൂനിയർ ലാഗ്വേജ് ടീച്ചറയായ ശ്രീമതി. ശരണ്യ എ.എസ്, തൃശ്ശൂർ ചേർപ്പ് സി.എൻ.എൻ ബോയിസ് ഹൈസ്കൂളിലെ യു.പി.എസ്.ടി യായ ശീതൾ സൂര്യൻ എന്നിവർ ചേർന്ന് ഫയൽ ചെയ്ത റിട്ട് ഹർജി നം. 16955/2025 മേലുള്ള പരാമർശം (3) ഇടക്കാല ഉത്തരവിൽ Ext.P7 അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2) തൃശ്ശൂർ തളിക്കുളം സി.എം.എസ് യു.പി. സ്കൂളിലെ റിട്ടയർമെന്റ് വേക്കൻസിയിൽ ശ്രീമതി. ശരണ്യ എ.എ യെ മാനേജർ 03.06.2024 മുതൽ ജൂനിയർ ലാഗ്വേജ് ടീച്ചർ (ഹിന്ദി) ആയി നിയമിച്ചു. മാനേജർ ഭിന്നശേഷി നിയമനത്തിനായി തസ്തിക മാറ്റി വെച്ചെങ്കിലും, യോഗ്യരായ നിയമനാർത്ഥികൾ ലഭ്യമാകാത്തതിനാൽ അയത് നികത്താൻ കഴിഞ്ഞില്ല, ആയതിനാൽ 03.06.2024 മുതലുള്ള ടിയാളുടെ നിയമനം ദിവസ വേതന അടിസ്ഥാനത്തിൽ മാത്രമാണ് അംഗീകരിക്കപ്പെട്ടത്. എന്നാൽ ഭിന്നശേഷി വിഷയവുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയിൽ, നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത SLP (C) No.11373/2024 മേലുള്ള ഉത്തരവിൽ പ്രസ്തുത സ്കൂൾ മാനേജ്മെന്റ് ഭിന്നശേഷി നിയമനത്തിനായി തസ്തിക മാറ്റി വെച്ചിട്ടുള്ള സാഹചര്യത്തിൽ ടി തസ്തിക ഒഴികെയുള്ള തസ്തികളിൽ നിയമനം നടത്തുവാൻ മാനേജ്മെന്റിന് അനുവാദം നൽകുകയുണ്ടായി, ആയതിന്റെ അടിസ്ഥാനത്തിൽ, ടി മാനേജ്മെന്റിലെ ഭിന്നശേഷി നിയമനത്തിനായി മാറ്റി വെച്ചിട്ടുള്ള തസ്തിക ഒഴികെയുള്ള

തസ്തികളിൽ ശമ്പള സ്കെയിലിൽ നിയമനം നടത്തുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് 17/03/2025 തീയതിയിലെ G.O (Ms) No. 43/2025/GEDN ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ സമാനമായ മറ്റു കേസുകളിൽ, മാനേജർ ഭിന്നശേഷി നിയമനത്തിനായി തസ്തിക മാറ്റി വെച്ചിട്ടുണ്ടെങ്കിൽ, SLP (C) No.11373/2024 മേലുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബാക്കി തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്ന വിഷയം പരിശോധിക്കുവാൻ സർക്കാരിന് നിർദ്ദേശം നൽകി ബഹു. ഹൈക്കോടതി ഉത്തരവായിട്ടുമുണ്ട്. ടി സാഹചര്യത്തിൽ 17/03/2025 തീയതിയിലെ G.O (Ms) No. 43/2025/GEDN ഉത്തരവിന്റെ ആനുകൂല്യം ഹർജിക്കാരിക്ക് കൂടെ ബാധകമാക്കണമെന്നതാണ് Ext. P7 അപേക്ഷയിലെ ആവശ്യം

3) സർക്കാർ പ്രസ്തുത വിഷയം നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ഭിന്നശേഷി സംവരണത്തിനായി മാറ്റിവെച്ചിട്ടുള്ള തസ്തികകൾ അല്ലാതെയുള്ള തസ്തികയിലേക്കുള്ള നിയമനങ്ങൾ ശമ്പള സ്കെയിലിൽ നടത്തുവാൻ അനുവദിക്കണം എന്ന് ആവശ്യപ്പെട്ടു കൊണ്ട് NSS മാനേജ്മന്റ് ഫയൽ ചെയ്ത റിട്ട് ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 12/07/2023 ലെ ഇടക്കാല ഉത്തരവിനെതിരെ ഫയൽ ചെയ്ത 1472/2023 നം. റിട്ട് അപ്പീൽ 23/08/2023 ലെ ഉത്തരവ് പ്രകാരം ബഹു. ഹൈക്കോടതി നിരസിച്ചതിനെതിരെയാണ് SLP(C) 11373/2024 ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരിക്കുന്നത്. SLP (C) 11373/2024 മേലുള്ള പരാമർശം (1) വിധിന്യായത്തിൽ ബഹു. സുപ്രീം കോടതി, ബഹു. ഹൈക്കോടതിയുടെ മേൽ ഉത്തരവുകൾ റദ്ദാക്കുകയും, എൻ.എസ്.എസ് മാനേജ്മെന്റിന് കിഴിൽ വരുന്ന സ്കൂളുകൾക്ക് ഭിന്നശേഷി സംവരണത്തിനായി മാറ്റിവച്ചിട്ടുള്ള തസ്തികകൾ ഒഴികെ മറ്റ് ഒഴിവുകളിൽ നിയമിതരായവരുടെ സേവനം ക്രമീകരിക്കുന്നതിനുമാണ് നിർദേശിച്ചിരുന്നത്. ആയത് പ്രകാരമാണ് പരാമർശം (2) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മറ്റു മാനേജ്മെന്റുകളോട് ഭിന്നശേഷി സംവരണത്തിനായി മാറ്റിവെച്ചിരിക്കുന്ന ഒഴിവുകളിൽ എത്രയും വേഗം നിയമനം നടത്തുന്നതിനുമാണ് മേൽ വിധിന്യായത്തിൽ നിർദേശിച്ചിട്ടുള്ളത് . ആയതിനാൽ ഭിന്നശേഷി സംവരണത്തിനായി മാറ്റിവച്ചിട്ടുള്ള തസ്തികകൾ ഒഴികെ മറ്റ് ഒഴിവുകളിൽ നിയമിതരായവരുടെ സേവനം ക്രമീകരിക്കുന്നതിനുള്ള മേൽ വിധിന്യായത്തിലെ നിർദേശങ്ങൾ എൻ.എസ്.എസ് മാനേജ്മെന്റിന് കിഴിൽ വരുന്ന സ്കൂളുകൾക്ക് മാത്രം ഉദ്ദേശിച്ചിട്ടുള്ളതും ആയത് പൊതുനിർദേശങ്ങൾ അല്ലാത്തതിനാൽ മറ്റ് മാനേജ്മെന്റുകൾക്ക് ബാധകമാക്കാൻ സാധിക്കുന്നതല്ല എന്നതും വിശദമായ പരിശോധനയിൽ സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം തുടർ നടപടികൾ സ്വീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട് .

4) മേൽ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശം (2) സർക്കാർ ഉത്തരവിന്റെ ആനുകൂല്യം ഹർജിക്കാരിയുടെ നിയമനത്തിൽ കൂടെ ബാധകമാക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിരിക്കുന്ന Ext P7 ഹർജി നിലവിൽ പരിഗണനാർഹമല്ല എന്ന് കാണുന്നു ആയതിനാൽ ആയത് നിരസിച്ചുക്കൊണ്ടും, അപ്രകാരം പരാമർശം (3) ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K J SALINI

അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃശ്ശൂർ.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വലപ്പാട്

മാനേജർ, സി.എം.എസ്. യു.പി. സ്കൂൾ, തളിക്കുളം, തൃശ്ശൂർ - 680 569

ശ്രീമതി.ശരണ്യ എ.എസ്, ജൂനിയർ ലാംഗ്വേജ് അദ്ധ്യാപിക, സി.എം.എസ്. യു.പി. സ്കൂൾ, തളിക്കുളം, തൃശ്ശൂർ - 680 569

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 15-09-2025 15:04:18

സെക്ഷൻ ഓഫീസർ